**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2089** **12-02-2024 - ൽ മറുപടിയ്ക്ക്**

**എൽ.പി., യു.പി. അദ്ധ്യാപക തസ്തികയുടെ അപേക്ഷാ തീയതി നീട്ടുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിലേക്കുള്ള എൽ.പി, യു.പി. അദ്ധ്യാപക തസ്തികകളിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതിലേക്കായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നാണ്; എത്ര വർഷങ്ങൾക്ക് ശേഷമാണ് ഈ തസ്തികകളിലേക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) | ഉണ്ട്;<br><br>അവസാന തീയതി 31.01.2024 ആയിരുന്നു. 31.12.2019-ൽ ആണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത്. |
| (ബി) | ഈ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കെ-ടെറ്റ് പരീക്ഷ പാസായിരിക്കണം എന്ന് നിബന്ധന ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ വർഷം കെ-ടെറ്റ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ-ടെറ്റ് പരീക്ഷ പാസ്സായിരിക്കേണ്ടതുണ്ട്. 2023 മാർച്ചിലെ വിജ്ഞാപനപ്രകാരമുള്ള കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടിയവരിൽ അടിസ്ഥാന യോഗ്യത സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ പൂർത്തിയായവരുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 2023 ഡിസംബറിൽ നടത്തിയ പരീക്ഷയുടെ ഫലപ്രഖ്യാപനത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | എങ്കിൽ ഇതുമൂലം നൂറുകണക്കിന് ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടും എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന അവസാന തീയതിക്കകം യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മാത്രമേ അപേക്ഷിക്കാനും ടി സെലക്ഷൻ പ്രക്രിയയിൽ പങ്കെടുക്കാനും അർഹരാകുന്നുള്ളൂ. |
| (ഡി) | ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം ലഭിച്ച ഈ അവസരം ഇപ്പോൾ പരീക്ഷ എഴുതി പാസായ കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന അവസാന തീയതിക്കകം യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ മാത്രമേ അപേക്ഷിക്കാനും ടി സെലക്ഷൻ പ്രക്രിയയിൽ പങ്കെടുക്കാനും അർഹരാകുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ